# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1076    13/12/2012-ലെ മറുപടിക്ക്

### മലപ്പുറത്തെ അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) മലപ്പുറത്തെ അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയം ഇതുവരെ എന്തു തുക അനുവദിച്ചു എന്ന് വിശദമാക്കുമോ; എന്തു തുകയാണ് കേന്ദ്രം അനുവദിക്കാമെന്ന് അറിയിച്ചിരുന്നത്; വ്യക്തമാക്കുമോ; | എ) 20 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 2009-10 വർഷത്തിൽ 25 കോടി രൂപയും 2010-11 വർഷത്തിൽ 50 കോടി രൂപയുമടക്കം 75 കോടി രൂപ അനുവദിക്കുമെന്നാണ് അറിയിച്ചിരുന്നത്. |
| ബി) പ്രസ്തുത ക്യാംപസിലുള്ള സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | ബി) സർവ്വകലാശാല സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ പരിഗണനയിലായതിനാൽ പദ്ധതിയുടെ അംഗീകാരവും പണവും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയൂ. നേരത്തേ അനുവദിച്ച 20 കോടി രൂപയിൽ നിന്നും താല്കാലിക കാമ്പസിനാവശ്യമായ 40 കെട്ടിടങ്ങളുടേയും ചുറ്റുമതിലിന്റേയും നിർമ്മാണത്തിനായി 18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | പ്രസ്തുത ക്യാംപസിൽ അടുത്ത അധ്യയന വർഷം ഏതൊക്കെ പുതിയ കോഴ്സുകൾ തുടങ്ങാനാകും; വിശദമാക്കുമോ; | സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. |
| ഡി) | പ്രസ്തുത ക്യാംപസിൽ പുതിയ ബാച്ചുകൾക്കും, കോഴ്സുകൾക്കും ആവശ്യമായ കെട്ടിടം ലഭ്യമാണോ; | ഡി) ലഭ്യമല്ല. |
| ഇ) | പ്രസ്തുത ക്യാംപസിൽ ഡയറക്ടറടക്കമുള്ള ജീവനക്കാർ ഏതു വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്; സ്ഥിരം ജീവനക്കാർ ക്യാംപസിന് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ ? | ഇ) ഡയറക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർ കരാർ വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്. സ്ഥിരം നിയമനം നടക്കണമെങ്കിൽ സർവ്വകലാശാല സമർപ്പിച്ച പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിയ്ക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**